LIBRARY ARCHIVES Kerala Legislative Assembly

## അരൂർ മണ്ഡലത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവൃത്തികൾ

123 (5205) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായി ; ഏതൊക്കെ പ്രവൃത്തികൾ നടക്കാതെ പോയിയെന്ന് പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും പ്രവൃത്തികൾക്ക് മണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതി അനുവദിക്കാറില്ല.

## സുനാമി ദുരിതാശ്വാസ ഫണ്ട്

124 (5206) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സുനാമി ദുരിതാശ്വാസത്തിനായുള്ള ഫണ്ടിൽ നിന്ന് എത്ര തുകയാണ് ചെലവിട്ടതെന്ന് വർഷം തിരിച്ച് അറിയിക്കാമോ ; ഏതെല്ലാം പദ്ധതികളാണ് ഇനിയും പൂർത്തിയാകാനുള്ളത് ; അവ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## റവന്യൂ ഓഫീസുകളിൽനിന്നും സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കാൻ നടപടി

125 (5207) ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ ഓഫീസുകളിൽ നിന്നും സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത്;

(സി) ഇത് നടപ്പിൽ വരുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>ഉത്തരം</u>

(എ) റവന്യൂ ഓഫീസുകളിൽ നിന്നും സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് 'ഇ-ഡിസ്ട്രിക്ട്' പദ്ധതി. ഏതുസമയത്തും എവിടെനിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് 'ഇ-ഡിസ്ട്രിക്ട്' പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നത്. ഓൺലൈനായി വില്ലേജ് ഓഫീസർക്ക് എത്തുന്ന അപേക്ഷകൾ പരിശോധനകൾക്കുശേഷം ഡിജിറ്റൽ ഒപ്പോടുകൂടി നൽകുന്നതിനാൽ ഭാവിയിൽ എപ്പോൾ വേണമെങ്കിലും തൽക്ഷണം പ്രസ്തുത സർട്ടിഫിക്കറ്റുകൾ നൽകുവാൻ സാധിക്കുന്നതാണ്. സംസ്ഥാനത്തെ വില്ലേജ് ഓഫീസ്/താലൂക്ക് ഓഫീസുകളിൽനിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ 'ഇ-ഡിസ്ട്രിക്ട്' പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/ തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകിവരുന്നു. പൊതുജന സൗകര്യാർത്ഥം വില്ലേജ്/താലൂക്ക് ഓഫീസുകൾക്കൊപ്പം അക്ഷയ കേന്ദ്രങ്ങൾ മുഖേനയും റവന്യൂ വകുപ്പ് നൽകി വരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകിവരുന്നുണ്ട്.

(ബി) റവന്യൂ വകുപ്പിലെ ഐ.റ്റി. സെല്ലുകൾ കൂടാതെ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.), അക്ഷയ സെന്ററുകൾ എന്നീ ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്.

(സി) ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പുകൾ/പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻവഴി നൽകിക്കഴിഞ്ഞിട്ടുണ്ട്. 'ഇ-ഡിസ്ട്രിക്ട്' പദ്ധതി ഉപയോഗിക്കുന്ന എല്ലാ വില്ലേജ് ഓഫീസർമാർക്കും സ്പെഷ്യൽ വില്ലേജ് ഓഫീസർമാർക്കും തഹസീൽദാർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ പരിഹരിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എല്ലാ താലൂക്കുകളിലും ഹാൻഡ് ഹോൾഡിംഗ് സ്റ്റാഫിനെയും കേരള സ്റ്റേറ്റ് ഐ.ടി. മിഷൻവഴി നിയമിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾവഴി വിതരണം ചെയ്ത ലഘുലേഖകൾവഴിയും വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly